ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ സാക്ഷരതാ പരിപാടിയും, തുടർ സാക്ഷരതാ പരിപാടിയും മോണിറ്ററിങ്ങിന് വിധേയമാക്കിയിട്ടുണ്ട്.

(ബി) നിരക്ഷരർ, നവസാക്ഷരർ, സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവർ, ദുർബല വിഭാഗത്തിൽപ്പെട്ടവർ, ആജീവനാന്ത വിദ്യാഭ്യാസം ആഗ്രഹിക്കുന്നവർ തുടങ്ങിയ സമൂഹത്തിലെ മുഴുവൻ ആളുകളേയും ലക്ഷ്യം വച്ചാണ് തുടർ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്.

(സി) വരുമാന വർദ്ധന പരിപാടികൾ, വ്യക്തിഗത താൽപര്യപരിപോഷണ പരിപാടികൾ, ജീവിത ഗുണനിലവാര വർദ്ധന പരിപാടികൾ, തുല്യതാ പരിപാടികൾ എന്നിവയാണ് തുടർ വിദ്യാഭ്യാസ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) തുല്യതാ പരിപാടി, ചെയ്യുന്ന തൊഴിൽ മെച്ചപ്പെടുത്താനും മെച്ചമായ തൊഴിലുകൾ നേടാനും പ്രയോജനപ്പെടും അതോടൊപ്പം സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവർക്ക് ഔപചാരിക വിദ്യാഭ്യാസയോഗ്യത നേടാനും തുല്യതാ പരിപാടിയിലൂടെ കഴിയും.

(ഇ) നാലാം ക്ലാസിനു തുല്യമായ ഒരു പരീക്ഷ നടത്താൻ ആവശ്യമായ കോഴ്സ് സംസ്ഥാനസാക്ഷരതാ മിഷന്റെ ചുമതലയിൽ ആരംഭിച്ചു കഴിഞ്ഞു. ഭാവിയിൽ ഏഴാം ക്ലാസിനും 10-ാം ക്ലാസിനും തുല്യമായ കോഴ്സുകൾ ആരംഭിക്കാൻ സംസ്ഥാന സാക്ഷരതാമിഷൻ തയ്യാറെടുപ്പുകൾ നടത്തി വരുന്നു.

71 (535) റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ ആസ്ഥാനം മാറ്റൽ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ ആസ്ഥാനം കൊച്ചിയിലേക്ക് മാറ്റുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ തലസ്ഥാനമെന്ന പരിഗണനയിൽ ഈ കോർപ്പറേഷൻ തിരുവനന്തപുരത്തു തന്നെ നിലനിറുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തിന്റെ പൊതുതാൽപര്യം പരിഗണിച്ച് രജിസ്റ്റേർഡ് ഓഫീസ് കൊച്ചിയിലും റീജിയണൽ ഓഫീസ് തിരുവനന്തപുരത്തും ആരംഭിക്കാൻ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly